## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **12-02-2025 - ൽ മറുപടിയ്ക്ക്**

## 1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | 1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാമാണ് എന്ന് വിശദമാക്കാമോ; | (എ) | 1921-ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന പുരാരേഖാ വകുപ്പിന്റെ മേഖലാ ഓഫീസായ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിൽ സംരക്ഷിച്ചു വരുന്നുണ്ട്.<br><br>മലബാർ കലാപവുമായി ബന്ധപ്പെട്ട, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വില്ലേജിലെ തിരൂരങ്ങാടി താലൂക്കോഫീസ് കെട്ടിടം, വില്യം ജോൺ ഡങ്കൺ റൗളയുടെ ശവകുടീരം, സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം എന്നിവ ജി.ഒ. (പി) നം. 29/2013/CLADതീയതി: 30-04-2013 പ്രകാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. 1921 ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട മലപ്പുറം ജില്ലയിലെ പന്തല്ലൂർ, മുടിക്കോട്ടുള്ള ബ്രിട്ടീഷ് പോലീസ് ഔട്ട്പോസ്റ്റ് നിലനിൽക്കുന്ന സ്ഥലത്ത് വകുപ്പ് ശാസ്ത്രീയ പരിശോധന നടത്തുകയും സ്മാരകത്തിന്റെ അവശിഷ്ടഭാഗങ്ങൾ തെളിയിച്ചെടുത്ത് ഡോക്യുമെന്റേഷന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകളിൽ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ട കെട്ടിടങ്ങളോ സ്ഥലങ്ങളോ മറ്റ് സ്മാരകങ്ങളോ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 1921-ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന പുരാരേഖാ വകുപ്പിന്റെ മേഖലാ ഓഫീസായ കോഴിക്കോട് റീജിയണൽ ആർക്കൈവ്സിൽ സംരക്ഷിച്ചു വരുന്നുണ്ട്.<br><br>മലബാർ കലാപവുമായി ബന്ധപ്പെട്ട, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വില്ലേജിലെ തിരൂരങ്ങാടി താലൂക്കോഫീസ് കെട്ടിടം, വില്യം ജോൺ ഡങ്കൺ റൗളയുടെ ശവകുടീരം, സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം എന്നിവ ജി.ഒ. (പി) നം. 29/2013/CLADതീയതി: 30-04-2013 പ്രകാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. 1921 ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട മലപ്പുറം ജില്ലയിലെ പന്തല്ലൂർ, |

| | | | |
|---|---|---|---|
| | | | മുടിക്കോട്ടുള്ള ബ്രിട്ടീഷ് പോലീസ് ഔട്ട്പോസ്റ്റ് നിലനിൽക്കുന്ന സ്ഥലത്ത് വകുപ്പ് ശാസ്ത്രീയ പരിശോധന നടത്തുകയും സ്മാരകത്തിന്റെ അവശിഷ്ടഭാഗങ്ങൾ തെളിയിച്ചെടുത്ത് ഡോക്യുമെന്റേഷന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്വാതന്ത്ര്യസമര ചരിത്രത്തിൽ മലബാറിലെ സ്വാതന്ത്ര്യസമര സേനാനികളെയും 1921-ലെ മലബാർ കലാപ പോരാളികളെയും സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ നടന്ന മറ്റ് മുന്നേറ്റങ്ങളെയും കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും മലബാർ മേഖലയിൽ സ്ഥാപിതമായിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (സി) | സ്വാതന്ത്ര്യസമര ചരിത്രത്തിൽ മലബാറിലെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ, 1921-ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട രേഖകൾ, എന്നിവ പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും മലബാർ മേഖലയിൽ കോഴിക്കോട് റീജീയണൽ ആർക്കൈവ്സിൽ സംവിധാനം ലഭ്യമാണ്. |
| (ഡി) | മലബാറിന്റെ സ്വാതന്ത്ര്യസമര ചരിത്രം സംരക്ഷിക്കുന്നതിനും ഭാവിതലമുറയിലേക്ക് കൈമാറുന്നതിനും മ്യൂസിയം സ്ഥാപിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | മലബാറിന്റെ സ്വാതന്ത്ര്യസമര ചരിത്രം സംരക്ഷിക്കുന്നതിനും ഭാവി തലമുറയിലേക്ക് കൈമാറുന്നതിനുമായി സ്വാതന്ത്ര്യസമര സേനാനിയും പാവങ്ങളുടെ പടത്തലവുനുമായിരുന്ന AKG യുടെ സ്മരണാർത്ഥം മ്യൂസിയം വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽപ്പെട്ട പെരളശ്ശേരിയിൽ AKG സ്മൃതി മ്യൂസിയം സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.<br><br>പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ, മലബാറിന്റെ സ്വാതന്ത്ര്യ സമര ചരിത്രം പ്രതിപാദിക്കുന്ന ഗാന്ധിസ്മൃതി മ്യൂസിയം സജ്ജീകരിച്ച് സന്ദർശകർക്ക് തുറന്നു നൽകിയിട്ടുള്ളതാണ്. തിരൂരങ്ങാടി പഴയ താലൂക്കോഫീസ് കെട്ടിടത്തിൽ സജ്ജീകരിച്ചിരിക്കുന്ന മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിൽ മലപ്പുറം ജില്ലയിലെ സ്വാതന്ത്ര്യസമര ചരിത്രം സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ